**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ശ്രീ. മുഹമ്മദ് വല്ലത്ത്, റിട്ടയേർഡ് എച്ച്.എസ്.എ (ഉറുദു) യുടെ **WP(C)7392/2016** നമ്പർ കേസിലെ ബഹു. ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ പുതുക്കിയ ശമ്പളനിർണ്ണയവും, ഡി.സി.ആർ.ജി തുകയിൽ എന്തെങ്കിലും തടഞ്ഞുവച്ചിട്ടുണ്ടെങ്കിൽ ആയത് അനുവദിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-ബി) വകുപ്പ്**

**സ.ഉ(സാധാ)നം. 10317/2018/ധന** **തിരുവനന്തപുരം, തീയതി : 17.12.2018.**

---

പരാമർശം - 1. 09.01.2018 തീയതിയിലെ **WP(C)7392/2016** നമ്പർ കേസിൻമേലുള്ള ബഹു. ഹൈക്കോടതിയുടെ വിധിന്യായം.

2. 18.12.2014-ലെ പഞ്ചാബ് സർക്കാർ Vs റഫീക്ക് മാസിഹ് (സിവിൽ അപ്പീൽ നം.11527/2014) കേസിൻമേലുള്ള ബഹു. സുപ്രീം കോടതിയുടെ വിധിന്യായം.

3. 29.07.2016-ലെ പഞ്ചാബ് & ഹരിയാന ഹൈക്കോടതി Vs ജഗ്ദേവ് സിംഗ് (സിവിൽ അപ്പീൽ നം.3500/2006) കേസിൻമേലുള്ള ബഹു. സുപ്രീം കോടതിയുടെ വിധിന്യായം.

## <u>ഉത്തരവ്</u>

ശ്രീ. മുഹമ്മദ് വല്ലത്ത്, റിട്ടയേർഡ് (31.03.2016) എച്ച്.എസ്.എ (ഉറുദു), പാർട്ട് ടൈം അദ്ധ്യാപക തസ്തികയിൽ നിന്നും ഫുൾടൈം അദ്ധ്യാപകനായി സ്ഥാനക്കയറ്റം ലഭിച്ചതിനെതുടർന്ന് ചട്ടം **28A** പാർട്ട് I കെ.എസ്.ആർ പ്രകാരം ശമ്പള നിർണ്ണയവും കുടിശ്ശികയും ശമ്പളപരിഷ്കരണ ആനുകൂല്യവും അനുവദിച്ചത് ക്രമപ്രകാരമല്ലെന്ന് **06.11.2015-**ലെ ആഡിറ്റിൽ കണ്ടെത്തിയതിനെ തുടർന്ന് അധികമായി വാങ്ങിയ തുക തിരിച്ചുപിടിക്കാനുള്ള നിർദ്ദേശത്തിനെതിരെ ബഹു. കേരള ഹൈക്കോടതിയിൽ **WP(C)7392/2016** നമ്പർ കേസ് ഫയൽ ചെയ്യുകയുണ്ടായി.

പരാമർശം **(1)** പ്രകാരമുള്ള വിധിന്യായത്തിൻമേൽ കേസിലെ **06.10.2015-**ലെ പരിശോധന തടസ്സവാദം (പി**3**), **29.01.2016-**ലെ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കത്ത് (പി**5**) എന്നിവ റദ്ദാക്കുകയും, പുതുക്കിയ ശമ്പളനിർണ്ണയത്തിന് ശ്രീ. മുഹമ്മദ് വല്ലത്തിന് അർഹതയുണ്ടെന്നും ഡി.സി.ആർ.ജി തുക തടഞ്ഞുവച്ചിട്ടുണ്ടെങ്കിൽ ആയത് വിധിന്യായത്തിന്റെ പകർപ്പ് കിട്ടി മൂന്നുമാസത്തിനുള്ളിൽ വിതരണം ചെയ്യണമെന്നും ഉത്തരവായിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. മുഹമ്മദ് വല്ലത്തിന് 15.12.2003-ൽ അനുവദിച്ച ശമ്പള നിർണ്ണയത്തിലെ അപാകത 06.11.2015-ൽ മാത്രമാണ് കണ്ടെത്തിയത്. ആയതിനാൽ പരാമർശം (2) പ്രകാരമുള്ള കേസിൽ ബഹു. സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ തുക തെറ്റായിട്ടാണ് അനുവദിച്ചതെങ്കിൽ പോലും ദീർഘകാലത്തിനു ശേഷം തിരിച്ചടവിന് നിർബന്ധിക്കാനാവില്ല എന്നതിനാലും, പരാമർശം (3)-ലെ ബഹു. സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരം ശമ്പള നിർണ്ണയത്തിന് ഓപ്ഷൻ സമർപ്പിക്കുമ്പോൾ അധികമായി തുക കൈപ്പറ്റുകയാണെങ്കിൽ ആയത് തിരിച്ചടച്ചുകൊള്ളാം എന്നൊരു സത്യപ്രസ്താവന നൽകിയിട്ടുണ്ടെങ്കിൽ മാത്രമെ അധികമായി നൽകിയ തുക തിരിച്ചുപിടിക്കാൻ കഴിയുകയുള്ളൂ എന്നതിനാലും ഈ കേസിൽ ശ്രീ. മുഹമ്മദ് വലത്ത് അത്തരം സത്യപ്രസ്താവന നൽകിയിട്ടില്ലാത്തതിനാലും, ശ്രീ. മുഹമ്മദ് വല്ലത്തിന് പുതുക്കിയ ശമ്പളനിർണ്ണയവും, ഡി.സി.ആർ.ജി തുകയിൽ എന്തെങ്കിലും തടഞ്ഞുവച്ചിട്ടുണ്ടെങ്കിൽ ആയത് അനുദിച്ചുകൊണ്ടും പരാമർശം (1) പ്രകാരമുള്ള ബഹു. ഹൈക്കോടതി വിധി നടപ്പിലാക്കി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**മനോജ് ജോഷി**

**പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)**

അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ), തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.
ശ്രീ. മുഹമ്മദ് വല്ലത്ത്, ഹൈസ്കൂൾ അസിസ്റ്റന്റ് (ഉറുദു) റിട്ടയേർഡ്, കാവുംപാടി,
തില്ലങ്കേരി (പി.ഒ), കണ്ണൂർ - 670702.
വിദ്യാഭ്യാസ ഉപഡയറക്ടർ, കണ്ണൂർ.
നോഡൽ ഓഫീസർ, www.finance.kerala.gov.in
ലെയ്സൺ ഓഫീസർ (ധനകാര്യം).
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി [U.O(f)No.PenB2(Edn-A3)/108/18/Fin (E-805202)].

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**